(എ) വിവിംഗ്", നീഡിൽവക്ക്", കാർപ്പെൻററി, ഡ്രോയിംഗ് എന്നിവകൾ പാസായ അധ:കൃതരുടെ എത്ര അപേക്ഷകൾ സ്റ്റാഫ്"സിലക്"ഷൻ ബോർഡിൽ ലഭിച്ചിട്ടുണ്ട്;

(ബ) അതിൽ ഉദ്യോഗം നൽകാത്തവർ എത്ര;

(സ) അതിൽ പുലയസമുദായത്തിൽ പെട്ടവരിൽ എത്ര പേരുണ്ട്"?

മിസ്റ്റർ കെ. പി. കണ്ണൻനായർ: (എ) എട്ട.

(ബ) ൻ.

(സ) ർ.

STAFF SELECTION BOARD—PULAYAS APPOINTED AND NOW IN SERVICE.

188. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക്" ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി നൽകുമോ:—

(എ) പുലയസമുദായത്തിൽനിന്നും സ്റ്റാഫ്"സിലക്"ഷൻ ബോർഡ്" നിയമിക്കപ്പെട്ടിട്ടുള്ളവർ എത്രപേർ ഇപ്പോൾ ജോലിചെയ്യുന്നുണ്ട്";

(ബ) അവരുടെ ഉദ്യോഗപ്പേർ എന്തു"?

മിസ്റ്റർ കെ. പി. കണ്ണൻനായർ: (എ) എട്ടു പേർ.

(ബ) അവരിൽ ഒരാൾ സ്റ്റോർസ്റ്റാർമാരും, ഒരാൾ ഇൻഡസ്ട്രിയൽ അസിസ്റ്റണ്ട്"സും, ഒരാൾ ആമീനും, രണ്ടു പേർ അറണ്ടർമാരും, ഒരാൾ ടൈപ്പിസ്റ്റും, ഒരാൾ മേസ്തിരിയും, ഒരാൾ തച്ചുതുന്നൽ മിസ്ട്രസ്സും ആകുന്നു.

STAFF SELECTION BOARD—APPOINTMENT OF PADANNAS, VETTUVAS AND PARAYAS.

189. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക്" ബ. ഗവൺമെണ്ടിൽനിന്നും സദയം മറുപടി നൽകുമോ:—

ഈ രാജ്യത്തെ അധ:കൃതരിൽ പടന്നർ, വേട്ടുവർ, പറയർ മുതലായ ന. മുദായങ്ങളിൽനിന്നും സ്റ്റാഫ്"സിലക്"ഷൻ ബോർഡിന്റെ ആവിർഭാവത്തി നുശേഷം എത്രപേരെ നിയമിച്ചിട്ടുണ്ട്"?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഒന്നു.

AYYAN, CHERPU STATION HOUSE OFFICER AND THEYYAN, PARVATHIAM—COMPLAINTS AGAINST.

190. മിസ്റ്റർ കെ. എസ്സ്". പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക്" ഗവർമെൻറ്" സദയം മറുപടി പറയുമോ:—

(എ) ചേർപ്പ് സ്റ്റേഷൻ ഓഫീസർ മി. അയ്യനേയും, തെയ്യൻ എന്ന ഒരു വാച്ചർക്കാരനേയും ആക്ഷേപിച്ചുകൊണ്ട്" പോലീസ്" കമ്മീഷണർ അവർ കളുടേയും ദിവാൻപേഷ്കാർ അവർകളുടേയും മുമ്പാകെ ചിറ്റൂർ മനക്കൽ കുഞ്ഞു എന്നു വിളിച്ചുവരുന്ന മി. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേരുതപത്തിൽ കരു നിവേദകസംഘം ഓരോ ഹർജികൾ സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഛ) ഉണ്ടെങ്കിൽ അതിന്റെ ഓരോ കോപ്പി ഓരോ നിയമസഭാംഗത്തിന്റെയും മേശപ്പുറത്തു വെക്കുവാൻ ഒരവസരമുണ്ടാകുമോ;

(ന) ഈ അയ്യന്റെയും തെയ്യന്റെയും പേരിലാണോ കഴിഞ്ഞ മീനത്തിൽ ചേർപ്പു ക്ഷേത്രം ഉത്സവത്തിനു ചിറക്കൽ നമ്പൂതിരിപ്പാട് മുതലായവർ പോലീസ് കമ്മീഷ്ണർ മുതലായവർക്കു പൂരം അത്ഭുതമാക്കിയെന്നോ മറ്റൊരു കുറ്റി അടിച്ചിരുന്നത്"?

മിസ്റ്റർ കെ. പി. കണ്ണൻനായർ: (ക) നിവേദകസംഘം പോലീസ് കമ്മീഷണരുടെ മുമ്പാകെ ഒരു ഹർജി സമർപ്പിച്ചിട്ടുണ്ട്. ദിവാൻപേഷ്കാർക്കു ഹർജി കിട്ടിയിട്ടില്ല.

(ഛ) ഹർജിയുടെ ഒരു പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix I).*

(ന) അതെ.

ERNAKULAM MUNICIPALITY—APPLICATION FOR HOUSE CONSTRUCTION.

191. Mr. M. L. Joseph *(Latin Christians-Cranganur):* Will the Government be pleased to state:—

(*a*) whether one Kallyani, wife of one Thazheveetil Achyutan in Ward 5, Ernakulam town, had applied for sanction to construct a house in Ward 5 near the Registry Office, Ernakulam;

(*b*) if so, the date of application and the date of sanction given to her by the Municipality;

(*c*) whether construction of the house in question was started before or after the sanction was given by the Municipality;

(*d*) is construction according to the plan, etc. approved by the Municipality;

(*e*) did the Overseer of the Municipality examine the foundation work on all the 4 sides and if so, whether he is satisfied that the foundation on all the four sides was newly constructed as per the approved plan, etc.;

(*f*) did the Municipality receive any completion report of the house in question (if it is completed) and if so, the date of completion of the same?

Mr. P. J. George *(Joint Secretary to Government):*

(*a*) Yes.

(*b*) Date of application, 14th Chingam 1114. Date of sanction, 29th Kanni 1114.

(*c*) Construction began only after approval.

(*d*) Yes, except for some slight deviations.

(*e*) Foundation work as such was not examined. The work as a whole was examined and it was found to satisfy the conditions

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I.

(Please see answer to Question No. 191.)

മഹാരാജമാന്യരാജശ്രീ പോലീസ്സ് കമ്മീഷണർ അവർകൾ മുമ്പാകെ ചാഴൂർ, കിഴക്കുംമുറി, താന്ന്യം, കിഴപ്പിള്ളിക്കര, ഇഞ്ചമുടി, കുമ്പിലാവ്, ചേറ്റുപ്പ് ഇവവില്ലേജുകളിൽപെട്ട താഴെ പേരെഴുതി ഒപ്പിട്ടിട്ടുള്ളവർ ബോധിപ്പിക്കുന്ന സങ്കട ഹർജി.

(ഫ) ഞങ്ങൾ മാനമര്യാദയിൽ സൈ്വരമായും സമാധാനമായും കഴിഞ്ഞുകൂടി വരുന്നവരാണു്.

(ഫ) ഉടനകം പോലീസ്സ് സ്റ്റേഷൻ ഇൻസ്പെക്ടരായ മിസ്റ്റർ അയ്യനും ടിയാന്റെ കൂട്ടുകാരനായ താന്ന്യം കിഴപ്പിള്ളിക്കര പാവ്വത്തുക്കാരനായ മിസ്റ്റർ തെയ്യനുംകൂടി നാട്ടിൽ പല അക്രമങ്ങളും അനീതികളും പ്രവൃത്തിച്ചു വരുന്നുണ്ടു്.

(ന) ടി അക്രമങ്ങൾക്കും അനീതികൾക്കും ആക്ഷേപം പറയുന്നവർക്കും ടിയാന്മാരുടേയും കൂട്ടുകാരുടേയും ഹിതാനുവർത്തികളല്ലാത്തവർക്കും നാട്ടിൽ കിടന്നുപൊറുക്കുവാൻ വിഷമമായിട്ടുള്ളതും അവരുടെ പേരിൽ ഇല്ലാത്ത കേസ്സുകൾ ഉണ്ടാക്കിത്തീർത്തും ഉണ്ടാക്കിത്തീർക്കുന്നതിനു് ഉത്സാഹിച്ചും വരുന്നതും അതു ഹേതുവായി നാട്ടുകാർക്കു സമാധാനമില്ലാതായി നിന്നിരിക്കുന്നതുമാകുന്നു.

(ര) മിസ്റ്റർ തെയ്യന്റെ മുമ്പുണ്ടായ ചില അനീതിപ്രവൃത്തികളാൽ ടിയാനെപ്പറ്റി ജനങ്ങൾ ആക്ഷേപിച്ചു് കുമ്പിലാവു് വില്ലേജിൽനിന്നു താന്ന്യം, കിഴപ്പിള്ളിക്കരക്കു സ്ഥലം മാറിപ്പോന്നിട്ടുള്ളതാണു്.

(ഭ) മിസ്റ്റർ തെയ്യൻ പറയുന്ന പ്രകാരം അയ്യനും അയ്യൻ പറയുന്ന പ്രകാരം തെയ്യനും അവരുടെ കൂട്ടുകാരും ശേഷമുള്ളവരെ ഭയപ്പെടുത്തിയും മറ്റും അവരുടെ അഭീഷ്ടങ്ങൾക്കു വശംവദരാക്കി തീർക്കുന്നതും അതിനു വഴിപ്പെടാത്തവർക്കു സൈ്വരമായും സമാധാനപരമായും അവിടെ താമസിപ്പാൻ നിവൃത്തിയില്ലാത്തതുമാകുന്നു. നാട്ടിൽ പലെ കക്ഷിവഴക്കുകളും വർദ്ധിപ്പിച്ചു വരുന്നതും സമാധാനലംഘനത്തിനും ലഹളക്കുംകൂടി ഇടവരുന്നതുമാകുന്നു.

(സ) ഈ മാസം ൧൨-൦൯- ഉടനകം പഞ്ചായത്തു തിരഞ്ഞെടുപ്പിലേക്കു് ഇഞ്ചമുടി വില്ലേജിൽനിന്നു് ഒരു ഒഴിവിലേക്കു കണ്ണാളി ശങ്കരാമനും, നടുവിൽത്തറ കുമാരനും സ്ഥാനാർത്ഥികളായി നില്ക്കുന്നുണ്ടു്. മിസ്റ്റർ അയ്യനും തെയ്യനും പാർട്ടിക്കാരും നടുവിൽത്തറ കുമാരന്റെ കക്ഷിക്കാരും സഹായികളും ടിയാനു സഹായമായി പലതും പ്രവൃത്തിച്ചുവരുന്നവരും അതിനെതിരായി പ്രവൃത്തിക്കുന്നവരെ ഭീഷണിപ്പെടുത്തിയും ഉപദ്രവിച്ചും മറ്റും അവർക്കു പുറത്തിറങ്ങാൻ നിവൃത്തിയില്ലാത്തവിധം അക്രമവും അനീതിയുമായി പെരുമാറിവരുന്നതുമാകുന്നു. നാട്ടുകാർക്കു ടി സംഗതിയിലും വളരെ ക്ഷോഭവും സങ്കടവുമുള്ളതും അയ്യനേയും മറ്റും ഭയന്നു് അവരുടെഇഷ്ടാനുസരണം പെരുമാവകാശത്തെ ഉപയോഗപ്പെടുത്തുവാൻ സ്വാതന്ത്ര്യമില്ലാതെ കുഴങ്ങിവശായിട്ടുള്ളതും അതിനു് ഉടനെ നിവാരണമുണ്ടാക്കി കിട്ടേണ്ടതും അല്ലാഞ്ഞാൽ വളരെ സങ്കടമുള്ളതുമാകുന്നു.

(ഹ) വിരോധികളോടു വൈരാഗ്യത്തിന്മേൽ എന്തും ചെയ്യാൻ മിസ്റ്റർ അയ്യനും തെയ്യനും മറ്റും മടിക്കുന്നതല്ലാത്തതും അവരെ ഭയന്നു സമാധാനമില്ലാതെ നാട്ടിൽ കിടന്നു പൊറുക്കുകയെന്നതു വളരെ ക്ലേശവും അസഹ്യവുമായി തീർന്നിട്ടുള്ളതും നാട്ടുകാർക്കു സൈ്വരമായും സമാധാനപരമായും ഉള്ള ജീ

LIBRARY ARCHIVES Kerala Legislative Assembly

വിതത്തിനും പെട്ടരാവകാശ സ്വാതന്ത്ര്യത്തിനും ടി ഉദ്യോഗസ്ഥനെ അന്യദി ക്കിലേക്ക് ഉടനെ സ്ഥലം മാറ്റിയും അവരുടെ അക്രമപ്രവൃത്തികളേയും അനീ തികളേയുംപറ്റി അന്വേഷിച്ച് അവർക്ക് തക്കതായ ശിക്ഷ നല്കിയും നാട്ടുകാ രുടെ സങ്കടനിവാരണമുണ്ടാക്കിത്തരേണ്ടതുമാകുന്നു. സ്ഥലം മാറ്റിയശേഷം അന്വേഷണം നടത്തിയാലല്ലാതെ ടി അക്രമങ്ങളും മറ്റും തെളിയുന്നതല്ലെ ന്നും പ്രത്യേകം ബോധിപ്പിച്ചുകൊള്ളുന്നു.

അതുകൊണ്ട് സമക്ഷത്തിങ്കലെ ദയവുണ്ടായി ഉത്തരകം സ്റ്റേഷൻ ഇൻസ്പെ ക്ടരായ മിസ്റ്റർ അയ്യനെ സ്ഥലം മാറ്റിയും അതിനുശേഷം അയ്യന്റെ അക്രമ പ്രവൃത്തികൾക്കും അനീതികൾക്കും അന്വേഷണം നടത്തി തക്കതായ ശിക്ഷ നല്കിയും സങ്കടനിവാരണമുണ്ടാക്കിത്തരുവാൻ വിനക്കമായി അപേക്ഷിച്ചു കൊള്ളുന്നു.

എന്ന് ഫഫഫ് എടവം ഫ ൦ -൦ന്ന്.

(ഫ) മിറൂർമനക്കൽ ശങ്കരൻ നമ്പൂതിരിപ്പാട്
മുതൽപേർ ൨൫ (ഒപ്പ്).

Adjournment Motions.
Re. Notice served on Owners of Godowns in Mattancheri to repair them.

1. To adjourn the House for the purpose of urgently discussing the situation arising in Mattancheri on the service of notices upon owners of grain and rice godowns calling upon them to effect repairs in accordance with the terms of license on pain of the withholding of permission for leasing out the godowns for storing grains, etc., within one month of receipt of notice which is served on them within the last 48 hours and to call attention to the hardship, in case the same is enforced now as almost all the godowns are fully stocked now, and cannot be emptied for such repairs immediately, and to request for the grant of sufficient time to suit the convenience of the trade. (Mr. Shabdai S. Koder).

2. That the business of the Council be adjourned for the purpose of discussing the hardship that will be caused to the owners of the godowns at Mattancheri by the recent notice of the Commissioner under instructions from the Government to effect repairs in accordance with the conditions of license within one month on pain of refusal of permission for leasing out godowns for storing grains, etc., served on owners on 24th July 1939. (Mr. Ismail Hajee Essa Sait).

Mr. President: I have received two notices of adjournment motions, one from Mr. Essa Sait and the other from Mr. Koder, both relating to the same subject, viz., *notices issued by the Mattancheri Municipal Council on the owners of the godowns at Mattancheri.* Under Rule 22 "The right to move the adjournment of the

LIBRARY ARCHIVES Kerala Legislative Assembly